# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 116 | 03.12.2015 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>,, എസ്. രാജേന്ദ്രൻ<br>,, പുരുഷൻ കടലുണ്ടി<br>ശ്രീമതി പി. അയിഷാ പോറ്റി : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. |
| (ബി) ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാറിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (ബി) ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി നാല് കാര്യങ്ങൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.<br>1) മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തൽ<br>2) വാതിൽപ്പടി റേഷൻ വിതരണം<br>3) പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർ വൽക്കരണം<br>4) പരാതി പരിഹാര സംവിധാനം. |
| (സി) ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടായിരുന്നോ; സമയപരിധിക്കുള്ളിൽ കേന്ദ്ര നിർദ്ദേശങ്ങൾ നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ ; | (സി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ 30.09.15- വരെ സമയം അനുവദിച്ചിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന കണക്കിലെടുത്ത് സംസ്ഥാനത്ത് 01.04.2016 മുതൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുവാൻ 23/11/2015-ൽ ബഹുമാനപ്പെട്ട കേന്ദ്ര ഭക്ഷ്യ ഉപഭോക്തൃ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ന്യൂഡൽഹിയിൽ കൂടിയ യോഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കാ-ത്തതിന്റെ പേരിൽ സംസ്ഥാനത്തിന് ലഭിക്കുന്ന റേഷൻ വിഹിതം നഷ്ടമാകാൻ സാധ്യതയുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കു-മ്പോൾ സംസ്ഥാനത്ത് നിലവിലുള്ള മുഴുവൻ റേഷൻ ഗുണഭോക്താക്കൾക്കും റേഷൻ വസ്തുക്കൾ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | (ഇ) | ഉണ്ട്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013-ന്റെ അടിസ്ഥാനത്തിൽ 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് കേരളത്തിന് ലഭ്യമാകുന്നത്. മുൻഗണനാ വിഭാഗത്തിൽപെടുന്ന ജനങ്ങൾക്ക് 10.13 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ ആവശ്യമായി വരും. അവശേഷിക്കുന്ന 4.12 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ പൊതുവിഭാഗം റേഷൻ കാർഡുടമകൾക്കും വിതരണം ചെയ്യാൻ സാധിക്കും. എന്നാൽ 16.24 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം കേരളത്തിന് ലഭിക്കണമെന്നാണ് സംസ്ഥാനത്തിന്റെ ആവശ്യം. ഇത് കഴിഞ്ഞ 3 വർഷത്തെ വിട്ടെടുപ്പിന്റെ ശരാശരി കണക്കാക്കിയാണ്. ഈ വിഷയം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇത് നേടിയെടുക്കാനുള്ള ശ്രമത്തിലാണ്. |

Thulasi R

*സെക്ഷൻ ഓഫീസർ*